# നാട്ടിൻപുറത്തെ ഭാഷ

എം. എൻ. കാരശ്ശേരി



നാട്ടിൻപുറത്തെ ഭാഷ

എം. എൻ. കാരശ്ശേരി

(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Boy and girl, Rijsoord, Holland, a painting by Anna Stanley. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നാട്ടിൻപുറത്തെ ഭാഷ

മലയാളം ഒരു ഭാഷയാണെങ്കിലും അതിന് എത്രയോ വകഭേദങ്ങളുണ്ട്. പ്രാദേശികവും സാമുദായികവും ജാതീയവും ആയ വ്യത്യാസങ്ങളാണ് പ്രധാനം. മലബാറിലെ മലയാളവും തിരുവിതാംകൂറിലെ മലയാളവും എത്രയോ വ്യത്യാസപ്പെട്ടാണിരിക്കുന്നത്! മലബാറിൽ തന്നെ നമ്പൂതിരിയും ഹരിജനും വർത്തമാനം പറയുന്നതിന് ഏറെ വ്യത്യാസങ്ങളുണ്ട്. പഠിച്ചവനും പഠിക്കാത്തവനും സംസാരിക്കുന്ന രീതിയും ഭിന്നമായിരിക്കും.

ഇവ കൂടാതെ, ഓരോ പ്രദേശത്തെ പട്ടണങ്ങൾക്കും നാട്ടിൻ പുറങ്ങൾക്കും ഭാഷ ഉപയോഗിക്കുന്നതിൽ സ്വന്തമായ ചില പ്രത്യേകതകളുണ്ട്.

പട്ടണത്തിൽ ജീവിതം പരിഷ്കൃതവും മിക്കപ്പോഴും കൃത്രിമവും ആയിരിക്കും. അവിടെ സ്ഥിരതാമസക്കാരേക്കാൾ വന്നുപാർക്കുന്നവരാണധികം. പട്ടണത്തിലെ ഇളകുന്ന ജനസംഖ്യയിൽ ഭിന്നപ്രദേശക്കാരും ഭിന്നസമുദായക്കാരും ഭിന്നജാതിക്കാരും ഭിന്നനിലവാരക്കാരും പെടുന്നു. ഈ കലർപ്പ് സ്വാഭാവികമായും ഭാഷയേയും ബാധിക്കും. ഏതു പട്ടണത്തിലെ ഭാഷയും ഒരു കലർപ്പാണ്. ഈ കലർപ്പ് സൂചിപ്പിക്കുവാൻ വളരെ ചെറിയ ഒരുദാഹരണം പറയാം: മലബാറിൽ പൊതുവെ ഉപയോഗിക്കുന്ന ഒരു പദമാണ് 'ചാറ്.' ഇതിന്റെ സ്ഥാനത്ത് കോഴിക്കോട് പട്ടണത്തിൽ മാത്രമായി 'സാൽന' എന്നൊരു വാക്ക് കാണാം.

നഗരഭാഷക്ക് സ്വന്തമായ സ്വഭാവമല്ല ഉള്ളത്. പല ഭാഷാഭേദങ്ങളുടെ സാമാന്യസ്വഭാവമാണത് പ്രകടിപ്പിക്കുന്നത്.

നാട്ടിൻപുറത്ത് അല്പം പരിഷ്കാരക്കുറവുണ്ട്. അവിടെ ആളുകൾ സ്ഥിരതാമസക്കാരും പരസ്പരം എല്ലാ നിലയിലും പരിചയമുള്ളവരും ആയിരിക്കും. പെരുമാറ്റത്തിലും ഭാഷയിലുമൊക്കെ ഇതിന്റെയെല്ലാം പ്രത്യേകതകൾ നിഴലിക്കുന്നതായി ശ്രദ്ധിച്ചാൽ മനസ്സിലാകും. ആചാരഭാഷയുടെ പൊട്ടും പൊടിയും സൂക്ഷിക്കുന്നത് നാട്ടിൻപുറത്തെ ഭാഷയാണ്. നഗരത്തിലെ ഹരിജൻ 'അടിയൻ' എന്ന വാക്ക് മറന്നുപോയിരിക്കുന്നു. നാട്ടിൻപുറങ്ങളിൽ പഴയ ചിട്ടകളുടെ ഓർമ്മ തീർത്തും വിട്ടുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് ആചാരഭാഷയുടെ ഏതെങ്കിലും അവശേഷം എല്ലാ വിഭാഗക്കാരിലും കണ്ടേക്കും. നാട്ടിൻപുറത്ത് എല്ലാ പ്രായക്കാരിലും പെട്ട ഒരു പറ്റം ആളുകൾ എന്നും ഭാഷയുടെ നാടൻചുവ നിലനിർത്തുന്നതു കാണാം.

ഈ നാടൻചുവയുടെ പ്രധാനാംശം ആളുകൾ തമ്മിലുള്ള അടുപ്പമാണ്. ഓരോ നാട്ടിൻപുറത്തിനും സ്വന്തമായി കഥകളും ഐതിഹ്യങ്ങളും ഉണ്ടാകും. ഇവയിലെ കഥാപാത്രങ്ങൾ ചിലപ്പോൾ ആ ഗ്രാമത്തിൽ മാത്രം അറിയപ്പെടുന്ന വ്യക്തികളുമായിരിക്കും. അവർ ജീവിച്ചിരിക്കുമ്പോഴും മരിച്ചുകഴിഞ്ഞും കഥാപാത്രങ്ങളാകുന്നു. ചിലപ്പോൾ ഇവരെ ചുറ്റിപ്പറ്റി ചൊല്ലുകളും രൂപം കൊള്ളുന്നു. ഭൂതപ്രേതവിശ്വാസങ്ങളെക്കുറിച്ചും കാളികൂളിബാധയെപ്പറ്റിയും ഓരോ നാട്ടിൻപുറക്കാർക്കും പ്രത്യേകം പ്രത്യേകമായുള്ള ധാരണകൾ പരിശോധിച്ചാൽ ഇതു വ്യക്തമാകും.

നഗരത്തിൽ ഇത്തരം കഥകൾക്കും കഥാപാത്രങ്ങൾക്കും പ്രസക്തി കുറയും. മറ്റൊരാളുടെ വീറിലോ വീഴ്ചയിലോ വമ്പിലോ അബദ്ധത്തിലോ തനിക്ക് താൽപര്യമില്ലെന്ന മട്ടിൽ നടന്നുപോകുന്ന നഗരവാസികളും തന്റെ നാട്ടിൻപുറത്തുള്ളവരുടെ മുഴുവൻ കാര്യങ്ങളിലും സജീവതാൽപര്യം കാണിക്കുന്ന ഗ്രാമീണരും തമ്മിലുള്ള വ്യത്യാസംകൊണ്ടാണ് ഇതുണ്ടാകുന്നത്. അങ്ങനെ സ്വാഭാവികമായും നാട്ടിൻപുറക്കാരുടെ ഭാഷ അവർക്കുമാത്രം താൽപര്യമുള്ള ചൊല്ലുകൾ, ഐതിഹ്യങ്ങൾ, നാടൻകഥകൾ എന്നിവ കൂടി ഉൾപ്പെട്ടതായിരിക്കും.

നാട്ടിൻപുറക്കാരന്റെ രസികത്തം എടുത്തുപറയേണ്ട ഒരു സംഗതിയാണ്. ജീവിതത്തിനുനേരെ ഒരു പച്ചച്ചിരി എന്നും അയാളിലുണ്ട്. മകന് "തിരുമേനി" എന്നു പേരിട്ട നാട്ടിൻപുറക്കാരനായ ഒരു ഹരിജനെക്കുറിച്ച് കേട്ടിട്ടുണ്ട്. സ്കൂളിൽ ചേർക്കുമ്പോൾ ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ടിട്ടുപോലും 'തമ്പ്രാക്കള് വിളിക്കട്ടെ' എന്ന വാശിയിൽ മകന്റെ പേര് മാറ്റാൻ ആ രസികൻ കൂട്ടാക്കിയില്ലത്രേ!

മേലെ മഞ്ഞയും അടിയിൽ കറുപ്പും ചായം തേച്ച ടാക്സിക്കാറിൽ അയ്യപ്പന്മാർ പോകുന്നതുകണ്ട് ഒരു നാട്ടിൻപുറക്കാരൻ ചോദിച്ചുവത്രേ: "കാറും കറുപ്പുടുത്തിട്ടുണ്ടോ?"

ഇത്തരം സംഭാഷണശകലങ്ങൾ നാട്ടിൻപുറക്കാരന്റെ ജീവിതത്തിന്റെ ഭാഗമാണ്. അചേതനങ്ങളിൽ സചേതനത്വം ആരോപിച്ചുകൊണ്ടുള്ള രസികൻ പ്രയോഗങ്ങൾ അവരുടെ ഭാഷയുടെ സജീവമായ ഒരംശമാണ്. വീട്ടിനകത്തുനിന്നുമാത്രം ഉദാഹരണങ്ങളെടുത്ത് നോക്കുക; ചിരവയുടെ നാക്ക്, കസേരയുടെ കാല്, കിണ്ടിയുടെ വാല്, കലത്തിന്റെ വായ്, ചെമ്പിന്റെ കഴുത്ത്, കുടത്തിന്റെ കൈ. നാട്ടിൻപുറത്ത് തെങ്ങിന് മണ്ടയുണ്ട്. അവിടെ കുരുമുളക് വള്ളി തിരിയിട്ട് നിൽക്കുന്നു. അവിടെ നല്ല ഇനം വെറ്റിലക്ക് 'കിളിവാലു'ണ്ട്.

നാട്ടിൻപുറത്തെ സംഭാഷണത്തിന്റെ സവിശേഷതകളിലൊന്ന് ഉപമാപ്രയോഗങ്ങളാണ്. തന്റെ കുട്ടികളെക്കുറിച്ച് "അവർ മുരിങ്ങക്കായപോലെയാണെ"ന്ന് നാട്ടിൻപുറത്തുകാരൻ പറയും—മൂക്കുംതോറും ചീത്തയാകുകയാണെന്ന്! പെൺകുട്ടികളുടെ ശാരീരികവളർച്ച "ഇരുന്നെണീക്കുംപോലെ" വേഗത്തിലാണത്രേ.

വെള്ളിയാഴ്ച രാവ് പരിശുദ്ധമാണെന്ന് വിശ്വസിക്കുന്ന മുസ്‌ലിം ഇഷ്ടപ്പെട്ട ഒരാളെ പുകഴ്ത്തിപ്പറയും: "വെള്ളിയാഴ്ച രാവ് പോലത്തെ ആള്."

അയാൾതന്നെ ഒരു പെൺകുട്ടിയെ ഇങ്ങനെ പരാമർശിക്കും: "പതിനാലാംരാവ് പോലത്തെ ചിരി!" അല്ലെങ്കിൽ "പൊന്നുപോലത്തെ മനസ്സ്!" അതുമല്ലെങ്കിൽ "പൂവൻപഴം പോലത്തെ തടി!"

നഗരങ്ങളിൽ ഇത്തരം രസികൻ പ്രയോഗങ്ങൾ നാട്ടിൻപുറത്തെപ്പോലെ സുലഭമോ സ്വാഭാവികമോ അല്ല. പുറംലോകവുമായും ആധുനിക വിദ്യാഭ്യാസവുമായും താരതമ്യേന ബന്ധംകുറഞ്ഞ നാട്ടിൻപുറക്കാരൻ ആലോചിക്കാൻ നിൽക്കാതെ പറയും: ഇജ്ജ്, യ്യി, ഞ്ഞ്, ഇതെല്ലാം 'നീ'യുടെ രൂപഭേദമാണെന്ന് ആലോചിച്ച് പിടിച്ച് ആ വാക്കുതന്നെ പറയാൻ ശ്രദ്ധിക്കും, നമ്മുടെ പട്ടണവാസി.

നാട്ടിൻപുറത്തെ ഭാഷയിൽ നഗരത്തിലേതിനെ അപേക്ഷിച്ച് ഇംഗ്ലീഷ് കലർപ്പ് കുറവായിരിക്കും. ഒരു ചെറിയ വ്യാക്ഷേപകം കൊണ്ട് നാട്ടിൻപുറത്തുകാരൻ ഒരു വാക്യാർത്ഥം പ്രകടിപ്പിക്കാറുണ്ട്. പരിചയക്കാരനെ കാണുമ്പോൾ നാട്ടിൻപുറക്കാരൻ സന്തോഷപൂർവ്വം 'ഹേയ്' എന്ന് വിളിക്കുന്നു. ഫോണിന്റെ സംസ്കാരം കൂടിയുള്ള പട്ടണവാസിക്കവിടെ 'ഹലോ' എന്നു പറഞ്ഞില്ലെങ്കിൽ "മാനേഴ്സിനു" മോശമാണ്.

നാട്ടിൻപുറത്തെ അനഭ്യസ്തർക്കിടയിൽ ഇംഗ്ലീഷ് നുഴഞ്ഞു കയറുന്നത് ഒരുതരം തമാശ രൂപത്തിലാണ്. അവർ കള്ളിനെ "വാട്ടീസ്" എന്നു വിളിക്കുന്നു. യന്ത്രങ്ങളുമയി താരതമ്യേന അകന്നു കിടക്കുന്ന നാട്ടിൻപുറക്കാരന്റെ വർത്തമാനം അവയേയും അറിഞ്ഞോ അറിയാതെയോ കളിയാക്കാറുണ്ട്. കള്ളുകുടിക്കുന്നതിനെ പെട്രോൾ അടിക്കുന്നതിനോട് ഉപമിക്കുന്നത് കേട്ടിട്ടുണ്ട്. കള്ളുഷാപ്പിന് പിന്നെ പേര് 'പമ്പ്' എന്നാണ്. കൂടുതൽ കഴിക്കുന്നവൻ മുന്തിയതരം ലോറിയാണ്! അതോടെ അവന് പേര് പരക്കുകയായി: ബെൻസ്!

നാട്ടിൻപുറത്തെന്നപോലെ അവിടത്തെ ഭാഷയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. കെട്ടിയോൾ, പെണ്ണ്, പെണ്ണുങ്ങൾ തുടങ്ങിയ വാക്കുകൾ ഭാര്യക്ക് വഴി ഒഴിഞ്ഞു കൊടുത്തുകൊണ്ടിരിക്കുകയാണ്. കുടി, പൊര തുടങ്ങിയവയെ വീട് പൊളിച്ചുമാറ്റിക്കഴിഞ്ഞു. ഏട്ടനെപ്പോലെ ചേട്ടനും ജ്യേഷ്ഠനും നാട്ടിൻപുറക്കാരന്റെ ബഹുമാനം പിടിച്ചുപറ്റിത്തുടങ്ങിയിരിക്കുന്നു.

മലബാറിലെ നാട്ടിൻപുറങ്ങളിലേക്ക് തിരുവിതാംകൂറിനൊപ്പം അവരുടെ ഭാഷയും കുടിയേറിപ്പാർത്തിട്ടുണ്ട്. പൂള എന്ന മലബാരിയെപ്പോലെ കപ്പ, മരക്കിഴങ്ങ് തുടങ്ങിയ തെക്കൻവാക്കുകൾ വടക്കനായ ഏതു നാട്ടിൻപുറക്കാരനും പരിചിതമാണ്. കള്ളിന് 'വെള്ളം' എന്ന തെക്കൻ പ്രയോഗം മനസ്സിലാകാത്ത വടക്കർ ഇന്ന് ചുരുങ്ങും. തെക്കൻ പ്രയോഗങ്ങളാണ് മുന്തിയ ഭാഷ എന്നൊരന്ധാളിപ്പുപോലും മലബാറിലെ ചെറുപ്പക്കാർക്കുണ്ടായിട്ടുണ്ടോ? സംസാരിക്കുമ്പോൾ 'നീ' എന്നതിനുപകരം 'താൻ' എന്നു പറയാൻ അവർ സൂക്ഷിക്കുന്നതെന്തിന്?

നാടൻമട്ടിനും ഭാഷക്കും നിലവാരം കുറവാണെന്നൊരു ധാരണ പട്ടണവാസികൾക്കിടയിലും നാട്ടിൻപുറക്കാരിൽതന്നെയും ഉണ്ട്. സംസ്കാരം കുറഞ്ഞവരെ എന്ന അർത്ഥത്തിൽ കൺട്രി, ഗ്രാമീണൻ, പട്ടിക്കാടൻ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നത് ഇതുകൊണ്ടാണല്ലോ. പരിഷ്കാരക്കുറവ് സംസ്കാരലോപമായി തെറ്റിദ്ധരിക്കുന്നതുകൊണ്ട് വരുന്ന ആപത്താണിത്. ഗ്രാമ്യപദങ്ങളുപയോഗിക്കുന്നത് കാവ്യദോഷമാണെന്ന് നമ്മുടെ ലിഖിതഭാഷക്ക് പണ്ട് വിലക്കുണ്ടായിരുന്നു. ഇന്നത് കുറഞ്ഞു തുടങ്ങിയിട്ടുണ്ട്. പശുവിന് പകരം പയ്യ്—ഉം എഴുതാമെന്നായിട്ടുണ്ടല്ലോ.

പായാരം, മാഞ്ഞാലം തുടങ്ങിയ എത്രയോ ശക്തമായ വാക്കുകൾ ഗ്രാമങ്ങളിലുണ്ട്! തൊള്ള എന്ന പദത്തിന്റെ ശക്തിപോലും നമ്മുടെ ലിഖിതഭാഷ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടോ? നാട്ടിൻപുറത്തെ ഇത്തരം പദങ്ങളുടെ കെൽപ്പ് നാം കണ്ടറിഞ്ഞില്ലെങ്കിൽ ഭാഷയുടെ ചൊടി നഷ്ടപ്പെടുത്തുകയായിരിക്കും ഫലം.

ഭാഷയുടെ 'നിലവാരപ്പെട്ട' രൂപം എഴുത്തുഭാഷയാണ്. ഈ 'നിലവാര'ത്തിന് ഒറ്റ ന്യായമേയുള്ളൂ: കേരളത്തിന്റെ ഏതു ഭാഗത്തുള്ള ആൾക്കും അക്ഷരജ്ഞാനമുണ്ടെങ്കിൽ ഈ ഭാഷ മനസ്സിലാകും എന്നു മാത്രം. നാം ഉപയോഗിക്കുന്ന ഭാഷ—എഴുതുമ്പോൾ വിശേഷിച്ചും—ഈ എഴുത്തുഭാഷയോടു നിരന്നു പോകുന്നത് നന്ന്. മറ്റൊരാൾക്ക് മനസ്സിലാകാനാണല്ലോ നാം എഴുതുന്നത്.

കേൾക്കുന്നവന്റെ ബുദ്ധിമുട്ട് ഒഴിവാക്കാനാവശ്യമായ ഒരു നിലവാരം പറയുമ്പോഴും വേണ്ടതുതന്നെ. അതിനപ്പുറമുള്ള പരിഷ്കരണങ്ങളൊക്കെ ഏച്ചുകെട്ടായി മുഴച്ചുനിൽക്കും.

ശരിയും തെറ്റും അളന്നുമുറിച്ച്, ആലോചിച്ചുണ്ടാക്കി പറയേണ്ടതല്ല മാതൃഭാഷ. ശ്വാസോച്ഛ്വാസം പോലെ അത് സ്വാഭാവികമായിരിക്കണം. ആ സമയത്ത് 'കീഴ്' ജാതിക്കാരൻ 'മേൽ' ജാതിക്കാരന്റെ ഉച്ചാരണം കടംവാങ്ങാനും തെക്കൻ പ്രയോഗങ്ങൾ കുത്തിത്തിരുകാനും 'ഇംഗ്ലീഷീകരി'ക്കാനും അച്ചുവടിവിൽ 'സാഹിത്യം' പറയാനും മിനക്കെടേണ്ട യാതൊരാവശ്യവുമില്ല.

അവനവന്റെ നാട്ടിൻപുറത്തെ ഭാഷയ്ക്ക് ആവശ്യമായ നിലവാരവസ്ത്രധാരണമേ വേണ്ടൂ; അതിന്റെ തൊലിതന്നെ നിറം പിടിപ്പിക്കാനോ മാറ്റിപ്പണിയാനോ ഉള്ള ഒരുക്കം ഒട്ടും ആരോഗ്യകരമായിരിക്കില്ല.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---